**പതിനാലാം കേരള നിയമസഭ**

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2421 12.02.2020-ലെ മറുപടിയ്ക്ക്

**വയനാട് ജില്ലയിൽ സ്പോർട്സ് വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഒ. ആർ. കേളു** | | **ശ്രീ.ഇ.പി.ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | വയനാട് ജില്ലയിൽ സ്പോർട്സ് വകുപ്പ് നടപ്പാക്കുന്ന വിവിധ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് വയനാട് ആർച്ചറി അക്കാഡമിയിൽ നാഷണൽ ഗെയിംസിന് വേണ്ടി ഉപയോഗിച്ച 9 ഗെയിംസ് വില്ലകളിൽ സിവിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾ പൂർത്തിയാക്കി കുട്ടികൾക്കായുള്ള ഹോസ്റ്റൽ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ 2016-17 ബഡ്ജറ്റിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സി.കെ.ഓംകാരനാഥൻ ഇൻഡോർ സ്റ്റേഡിയം (ജില്ലാ സ്റ്റേഡിയം), ജിനചന്ദ്രസ്റ്റേഡിയം (പഞ്ചായത്ത് സ്റ്റേഡിയം) എന്നീ രണ്ട് പദ്ധതികളും പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.<br>**<u>ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)</u>**<br>ഫുട്ബോൾ ലോകറാങ്കിങ്ങിൽ ഇന്ത്യയുടെ നിലവാരം ഉയർത്താൻ സഹായകമാകുന്ന രീതിയിൽ കേരളത്തിലെ നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച |

| | | | |
|---|---|---|---|
| | . | | പദ്ധതിയാണ് കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി. പ്രസ്തുത പദ്ധതി വയനാട് ജില്ലയിലെ പനമരം ജി.എച്ച്.എസ്.എസിലും നടപ്പിലാക്കി വരുന്നു.<br>**<u>സ്പ്ലാഷ്</u>**<br>ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്ലാഷ് പദ്ധതി. പ്രാരംഭ ഘട്ടമെന്ന നിലയിൽ വയനാട്, ജില്ലയിലെ സുൽത്താൻ ബത്തേരിയിലും പദ്ധതി നടപ്പിലാക്കി വരുന്നു.<br>**<u>പ്ലേ ഫോർ ഹെൽത്ത്</u>**<br>കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. വയനാട് ജില്ലയിലെ കല്ലുപാടി ജി.എൽ.പി.എസ്സിലും പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രസ്തുത ജില്ലയിലെ ആദിവാസി വിഭാഗത്തിൽപ്പെട്ട കായികതാരങ്ങളുടെ വളർച്ചയ്ക്കായി ഏതെങ്കിലും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | (ബി) | ആദിവാസി വിഭാഗങ്ങൾക്ക് മാത്രമായി പ്രത്യേക പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**